**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **02-02-2024 - ൽ മറുപടിയ്ക്ക്**

**ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ ഓഡിറ്റോറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന അപേക്ഷയിൽ (ഇ-6353658/2022/എം.(ഉ.വി..&എസ്.ജെ) ഐ.എച്ച്.ആർ.ഡി ഡയറക്ടർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അവസാനം നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്ന പ്രവർത്തിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 2,68,91,844/- രൂപ (രണ്ട് കോടി അറുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്റി നാൽപത്തി നാല് രൂപ മാത്രം) പ്രത്യേക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം (2023-24) സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തുക അധിക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ 03.07.2023-ലെ കത്ത് പ്രകാരമുള്ള അപേക്ഷ സർക്കാർ പരിശോധിക്കുകയും പ്ലാൻ ഫണ്ടിലെ നീക്കിയിരിപ്പ് നിർണ്ണയിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദേശിക്കുകയും ചെയ്തു. പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക മുഴുവൻ ഭരണാനുമതി ലഭിച്ച അടിയന്തിര പ്രവൃത്തികൾക്കായി ഉപയോഗിച്ചതിനാൽ പ്ലാൻ ഫണ്ടിൽ നീക്കിയിരിപ്പിന് സാധ്യതയില്ലെന്ന് 22.10.2023 ലെ കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടർ മറുപടി നൽകിയിരുന്നു. (ഐ.എച്ച്.ആർ.ഡി ഡയറക്ടർ സമർപ്പിച്ച 22.10.2023 ലെ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രസ്തുത പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും പ്ലാൻ ഫണ്ടിൽ നീക്കിയിരിപ്പിന് സാധ്യത ഇല്ലാത്തതിനാലും, പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന് 29.11.2023 ലെ സർക്കാർ കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി ( J1/299/2022/H.Edn.) | (ബി) | ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്ന പ്രവർത്തിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള |

| | | | |
|---|---|---|---|
| | നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | തുകയായ 2,68,91,844/- രൂപ (രണ്ട് കോടി അറുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്റി നാൽപത്തി നാല് രൂപ മാത്രം) പ്രത്യേക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം (2023-24) സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തുക അധിക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി ഡയറക്ടറുടെ 03.07.2023-ലെ കത്ത് പ്രകാരമുള്ള അപേക്ഷ സർക്കാർ പരിശോധിക്കുകയും പ്ലാൻ ഫണ്ടിലെ നീക്കിയിരിപ്പ് നിർണ്ണയിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദേശിക്കുകയും ചെയ്തു. പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക മുഴുവൻ ഭരണാനുമതി ലഭിച്ച അടിയന്തിര പ്രവൃത്തികൾക്കായി ഉപയോഗിച്ചതിനാൽ പ്ലാൻ ഫണ്ടിൽ നീക്കിയിരിപ്പിന് സാധ്യതയില്ലെന്ന് 22.10.2023 ലെ കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടർ മറുപടി നൽകിയിരുന്നു. (ഐ.എച്ച്.ആർ.ഡി ഡയറക്ടർ സമർപ്പിച്ച 22.10.2023 ലെ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രസ്തുത പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും പ്ലാൻ ഫണ്ടിൽ നീക്കിയിരിപ്പിന് സാധ്യത ഇല്ലാത്തതിനാലും, പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിയുകയില്ല എന്ന് 29.11.2023 ലെ സർക്കാർ കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് നടപ്പാക്കി വരുന്നത്. വരും വർഷങ്ങളിൽ ഐ.എച്ച്.ആർ.ഡി യ്ക്ക് അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ഡി) | ഈ പ്രവൃത്തി നടപ്പാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (ഡി) | ഐ.എച്ച്.ആർ.ഡി സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് നടപ്പാക്കി വരുന്നത്. വരും വർഷങ്ങളിൽ ഐ.എച്ച്.ആർ.ഡി യ്ക്ക് അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

No. IHRD/2301/2022-CN

Date:22-10-2023

From

The Director

To

The Principal Secretary to Government
Higher Education (J) Department

Madam,

Sub:- IHRD - Model Technical Higher Secondary School, Kaprassery - proposal for Multi purpose auditorium - direction from Government - report - reg

Ref: Government letter no. J1/299/2022/HEDN dated 08.09.2023

Kind attention is invited to the reference cited above, whereby it was directed to locate savings and re-transmit the proposal for the construction of Multi purpose Auditorium in Model Technical Higher Secondary School, Kaprassery for an estimate amount of Rs. 2,68,91,844/-.

In this regard, it is submitted that the construction works in the 88 IHRD institutions are being carried out utilizing the minimal Plan Fund annually allotted by Government in the State Budget. The allocation for the same for 2023 - 24 is Rs. 16,95,75,000/- only and so far Government have already accorded Administrative Sanction for various works in IHRD institutions amounting to a total of Rs. 16,93,40,000/-. Further there are works for a total amount of Rs. 7,00,00,000/- for which Administrative Sanction was accorded in the last financial year and deposits have not been made during that year, due to short release of Plan Fund for 2022 - 23.

Hence it is intimated that there is no scope for savings under the Plan Fund, since the Budget provision is quite insufficient for executing the construction works for which Administrative Sanction has already been obtained.

Yours faithfully,

Signed by
Dr. V A Arun Kumar
Date: 22-10-2023 16:42:19
**DIRECTOR**